**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 524** **10-07-2024 - ൽ മറുപടിയ്ക്ക്**

**കുട്ടികളിലെ കഴിവുകൾ വളർത്താൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടികളിലെ സർഗാത്മകത, ശാസ്ത്രബോധം എന്നിവ വളർത്താൻ എന്തെല്ലാം പദ്ധതികളാണ് സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | **1. ബാലകേരളം പദ്ധതി - കുട്ടികളിലെ സർഗാത്മകത, ശാസ്ത്രബോധം എന്നിവ വളർത്തുന്നത്** ലക്ഷ്യമിട്ട് വൈലോപ്പിള്ളി സംസ്കൃതി ഭവൻ നോഡൽ ഏജൻസിയായി പ്രവർത്തിച്ചുകൊണ്ട് ആരംഭിച്ച പദ്ധതിയാണ് "ബാലകേരളം പദ്ധതി". അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ലഹരിക്കുമെതിരെ സ്കൂൾ വിദ്യാർത്ഥികളിൽ യുക്തി ബോധവും ശാസ്ത്ര ചിന്തയും പൗരബോധവും വളർത്തി വ്യക്തിത്വ വികാസം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തലങ്ങളിൽ വിദ്യാർത്ഥികളെ സംഘടിപ്പിച്ചാണ് ഈ പദ്ധതി നടത്തുന്നത്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെ സംഘടിപ്പിച്ച് അനുയോജ്യമായ സ്കൂൾ തലങ്ങൾ കേന്ദ്രീകരിച്ച് ആഴ്ചയിൽ ഒരു ദിവസത്തെ പരിശീലന കളരി എന്ന നിലയ്ക്ക് ഒരു വർഷം നീണ്ടു നിൽക്കുന്ന ബഹുമുഖ വ്യക്തിത്വ വികസന പരിപാടിയായാണ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഒരു പഞ്ചായത്തിൽ നിന്നും 10 നും 15 നും ഇടയിൽ പ്രായമുള്ള 100 കുട്ടികളെ പങ്കെടുപ്പിച്ച് ഒരു പരിശീലന കളരി എന്ന ക്രമത്തിൽ 1000 പഞ്ചായത്തുകളിൽ നിന്നായി ഒരു വർഷം 1 ലക്ഷം കുട്ടികൾക്കുള്ള പരിശീലനമാണ് ലക്ഷ്യമിടുന്നത്.<br><br>ബാലകേരളം പദ്ധതിയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ജില്ലാതലത്തിൽ പരിശീലനം നൽകുന്നതിന് മാസ്റ്റർ ട്രെയിനേഴ്സിനെ തെരഞ്ഞെടുത്ത് വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വച്ച് 2024 ജൂൺ 7, 8 തീയതികളിൽ പരിശീലനം സംഘടിപ്പിച്ചു. ബാലകേരളം പദ്ധതിയുടെ സിലബസ് പൂർത്തിയായി വരുന്നു. മാസ്റ്റർ ട്രെയിനേഴ്സ് |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>**2) ബാലഭവനുകൾ** - സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ബാലഭവനുകൾ 6 വയസ്സ് മുതൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസത്തിനു പുറമെ കല, ശാസ്ത്രം, വാദ്യ ഉപകരണങ്ങളിൽ പരിശീലനവും നൽകി വരുന്നു. കുട്ടികളുടെ സാംസ്കാരിക അവബോധം ലക്ഷ്യമിട്ടുകൊണ്ട് വെക്കേഷൻ ക്ലാസ്സുകളും നടത്തി വരുന്നുണ്ട്.<br><br>**3) വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി** - കേരളത്തിന്റെ തനതു കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വരും തലമുറയ്ക്ക് കൈമാറുന്നതിനും യുവമനസ്സുകളിൽ കലാഭിമുഖ്യം, കുട്ടികളിലെ സർഗ്ഗാത്മകത എന്നിവ ഉണർത്തുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി. ഇതിലൂടെ ക്ലാസ്സിക്കൽ, സമകാലീന, ഫോക് ലോർ, അഭിനയ കലകളിലായി 45 ഓളം കലാരൂപങ്ങളിൽ നിശ്ചിത യോഗ്യത നേടിയ 1000 യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് കേരളത്തിലങ്ങോളമിങ്ങോളമുള്ള വിവിധ ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ച് പ്രായഭേദമെന്യേ (കുട്ടികൾ ഉൾപ്പെടെ) സൗജന്യ സാമൂഹ്യ കലാപരിശീലനം നൽകി വരുന്നു. ഇത്തരത്തിൽ പരിശീലനം നടത്തുന്ന കലാപരിശീലകർക്ക് പ്രതിമാസം 10,000/. രൂപാ വീതം സാംസ്കാരിക വകുപ്പ് ഫെല്ലോഷിപ്പ് നൽകി വരുന്നു. കൂടാതെ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ (ബ്ലോക്ക് പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ) സ്ഥാപനങ്ങളിൽ നിന്നും 7500/-രൂപയും നൽകി വരുന്നു. |
| (ബി) | കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ കൂടുതൽ കുട്ടികളിലേക്ക് എത്തിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ കേരളത്തിലെ കൂടുതൽ കുട്ടികളിൽ എത്തിക്കുന്നതിനായി എല്ലാ ജില്ലകളിലും പുസ്തകമേളകൾ സംഘടിപ്പിക്കാറുണ്ട്. മാത്രമല്ല സംസ്ഥാന ലൈബ്രറി കൗൺസിൽ, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ കീഴിലുള്ള ജില്ലാതല പുസ്തകമേളകൾ കേരള നിയമസഭയിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുസ്തകമേള തുടങ്ങിയ വിവിധ പുസ്തകമേളകളിൽ ഇൻസ്റ്റിറ്റ്യൂട്ട് പങ്കെടുക്കാറുണ്ട്. സ്കൂൾ കുട്ടികളെ ലക്ഷ്യമിട്ടുകൊണ്ട് വിവിധ ജില്ലകളിലെ സ്കൂളുകളിൽ "അക്ഷരയാത്ര, വായനനിറവ്" എന്ന പേരുകളിൽ |

| | | | |
|---|---|---|---|
| | | | പുസ്തകപ്രദർശനവും വിൽപ്പനയും എല്ലാ വർഷവും നടത്താറുണ്ട്. സർക്കാർ ഓഫീസുകളും മറ്റ് ഓഫീസുകളും കേന്ദ്രീകരിച്ച് 'പുസ്തകനിറവ്' എന്ന പേരിൽ പുസ്തകമേളകളും ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കാറുണ്ട്.<br><br>ടെക്നോളജിയുടെ സഹായത്തോടെ പുസ്തകങ്ങളെ കൂടുതൽ ജനകീയമാക്കുക എന്ന ലക്ഷ്യത്തോടെ 'ബാലസാഹിതി' എന്ന യൂട്യൂബ് പരിപാടി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്ന പുസ്തകങ്ങളെ എഴുത്തുകാർ തന്നെ പരിചയപ്പെടുത്തുന്നു എന്നതാണ് ഈ പരിപാടിയുടെ പ്രത്യേകത. തളിര് വരിക്കാരായ മിടുക്കരായ കുട്ടികളാണ് പരിപാടിയുടെ അവതാരകർ. ഇത്തരം ചെറിയ വീഡിയോകളിലൂടെ കുട്ടികളിലും മാതാപിതാക്കളിലും ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ കൂടുതൽ എത്തപ്പെടും. |
| (സി) | ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നത് ഏതെല്ലാം തരത്തിലുള്ള പുസ്തകങ്ങളാണെന്ന് അറിയിക്കുമോ? | (സി) | കുട്ടികൾക്ക് വായിക്കാനുതകുന്ന പുസ്തകങ്ങൾ വിവിധ വിഭാഗങ്ങളിലായി ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു വരുന്നു. ഇവ പരിപൂർണ്ണമായും ശിശു സൗഹൃദവും മികച്ച വായനാനുഭവം നൽകുന്നതുമാണ്. ചിത്രപുസ്തകങ്ങൾ, കഥകൾ, കവിതകൾ, നാടകങ്ങൾ, ബാലവിജ്ഞാന കോശങ്ങൾ, നിഘണ്ടുക്കൾ, ജീവചരിത്രങ്ങൾ, ശാസ്ത്രപുസ്തകങ്ങൾ, വൈജ്ഞാനികപുസ്തകങ്ങൾ തുടങ്ങി വൈവിദ്ധ്യപൂർണ്ണമായ പുസ്തകങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്നത്. 2 മുതൽ 4വയസ്സ് വരെ , 4 മുതൽ 6 വയസ്സ് വരെ, 6 മുതൽ 9 വയസ്സ് വരെ, 9 മുതൽ 12വയസ്സ് വരെ, 12 മുതൽ 14വയസ്സ് വരെ, 14 വയസ്സ മുതൽ 18 വയസ്സ് വരെ എന്നിങ്ങനെ വിവിധ പ്രായപരിധിക്കാർക്ക് ഉതകുന്ന പുസ്തകങ്ങളായി ഇവയെ വേർതിരിച്ചിട്ടുണ്ട്. കെട്ടിലും മട്ടിലും ഏറെ മികച്ച പുസ്തകങ്ങളാണിവ. ഉള്ളടക്കവും പ്രിന്റിങ്ങും മികച്ച നിലവാരത്തിലാണ്. മറ്റു പ്രസാധകരുടെ പുസ്തകങ്ങളുമായി താരതമ്യപ്പെടുത്തിയാൽ കുറഞ്ഞ വിലയാണ് ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ